# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 പ്രകാരം തടസ്സപ്പെടുത്തിയ 1,29,883/- (ഒരു ലക്ഷത്തി ഇരുപത്തിയൊമ്പതിനായിരത്തി എണ്ണൂറ്റി എൺപത്തിമൂന്ന് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.2633/16/തസ്വഭവ. തിരുവനന്തപുരം, തീയതി:7/09/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 17/11/2014-ലെ എം3 43140/14 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 27/01/2016-ലെ എൽ.എഫ്.583/പി.റ്റി2/2015 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2008-2009 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-11 പ്രകാരം കാഡ കനാൽ പുനരുദ്ധാരണത്തിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1,29,883/-രൂപ ചെലവഴിച്ചത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ടി വിഷയത്തിൽ പദ്ധതി പ്രദേശത്തെ പാടശേഖരങ്ങളിലേക്കുള്ള കാഡാ കനാൽ പൊട്ടിപൊളിഞ്ഞതു മൂലം ഏകദേശം 50 ഏക്കർ കൃഷിയെ പ്രതികൂലമായി ബാധിച്ചിരുന്നതായും ആയത് ഒഴിവാക്കുന്നതിനായി സദുദ്ദേശ്യത്തോടെ വിഭാവനം ചെയ്ത പ്രോജക്ടായിരുന്നുവെന്നുമുള്ള 07/01/2014-ലെ 10(1)-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്,ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ തീരുമാനം എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം(1) പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം (2) പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ 2008-2009 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(11) പ്രകാരം കാഡ കനാൽ പുനരുദ്ധാരണത്തിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 1,29,883/- രൂപ ഭരണതല നടപടിയിലൂടെ ഈടാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.നെൽകൃഷി

പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട വിഷയമാണ്. ആയതിനാൽ നെൽകൃഷിയ്ക്കുവേണ്ട ജലവിതരണം ഉറപ്പുവരുത്തേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. കാഡ കനാൽ ജലസേചന വകുപ്പിന്റെ കീഴിലാണെങ്കിലും നെൽകൃഷിയ്ക്ക് വേണ്ട വെള്ളത്തിനായി കനാൽ പുനരുദ്ധാരണം പഞ്ചായത്ത് ഏറ്റെടുത്തത് ന്യായീകരിക്കാവുന്നതാണ്. മറ്റ് ക്രമക്കേടുകളൊന്നുമില്ലാത്തതിനാൽ പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 പ്രകാരം തടസ്സപ്പെടുത്തിയ 1,29,883/- രൂപ (ഒരു ലക്ഷത്തി ഇരുപത്തിയൊമ്പതിനായിരത്തി എണ്ണൂറ്റി എൺപത്തിമൂന്ന് രൂപ മാത്രം) യുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു.എ.ടി
അണ്ടർ സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ,പാലക്കാട്
സെക്രട്ടറി, കണ്ണാടി ഗ്രാമപഞ്ചായത്ത്, പാലക്കാട്
വെബ് ആന്റ് ന്യൂ മീഡിയ,ഐ & പി.ആർ.ഡി
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ